Archdiocese of Trichur

Catholic Archbishop's House,
PB No. 706, East Fort, Thrissur - 680 005, Kerala, India

2074/2020 C-14
27.11.2020

# സർക്കുലർ
# ക്രിസ്തുമസ്സ് ആഘോഷം

സ്നേഹ ബഹു. വൈദികരെ, സമർപ്പിതരെ, പ്രിയ സഹോദരി സഹോദരങ്ങളെ, കുട്ടികളെ,

രക്ഷകന്റെ വരവിനായി പ്രതീക്ഷയോടെ കാത്തിരുന്ന ജനത്തിന് സ്നേഹമായ ദൈവം (യോഹ. 3:16) നൽകിയ ഉത്തരമാണ് ക്രിസ്തുമസ്. അത് സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്തയാണ് (ലൂക്ക 2:10). യേശുവിന്റെ തിരുപ്പിറവിക്കായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന നമുക്ക് സന്തോഷത്തോടെയും നല്ല ഒരുക്കത്തോടെയും യേശുവിനെ വരവേല്ക്കാം.

കോവിഡ് മഹാമാരിയുടെ പശ്ചത്തലത്തിൽ ക്രിസ്തുമസ്സിനോടനുബന്ധിച്ച് പതിവുള്ള പരിപാടികൾ പ്രായോഗികമല്ല. എങ്കിലും അതിരൂപതയിലെ വിവിധ ഭക്തസംഘടനകളുടെയും വിവിധ പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ സാധിക്കുന്ന രീതിയിൽ ഓൺലൈൻ ആയും മറ്റും ഡിസംബർ മാസത്തിൽ വിവിധങ്ങളായ പരിപാടികളും മത്സരങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ കാര്യങ്ങളെക്കുറിച്ച് പൊതുവായി നിങ്ങളെ ഈ സർക്കുലർ വഴി അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവ ബന്ധപ്പെട്ട സമിതികൾവഴി പ്രായോഗികമാക്കി ക്രിസ്തുമസ്സിന് ഏറ്റവും നന്നായി ഒരുങ്ങുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു.

1. കെ. സി. ബി. സി. ആഹ്വാനം ചെയ്തതുപോലെ ബൈബിൾ പാരായണമാസമായി ഡിസംബർ മാസം നാം ആചരിക്കുകയാണ്. അതിരൂപത ബൈബിൾ അപ്പസ്റ്റലേറ്റ് കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന വിവിധ കർമ്മ പരിപാടികളെക്കുറിച്ച് അതിരൂപത ബൈബിൾ അപ്പസ്റ്റലേറ്റിൽ നിന്നും എല്ലാ ഇടവകകളിലേക്കും അറിയിപ്പ് നൽകിയിട്ടുണ്ട്. അതനുസരിച്ച് ഇടവകകളിലും കുടുംബങ്ങളിലും ബൈബിൾ പാരായണം നടത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2. തൃശൂർ അതിരൂപതയിലെ മാതൃവേദി അംഗങ്ങൾക്കായും കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്കായുമുള്ള കരോൾ മത്സരങ്ങൾ നടത്തപ്പെടുന്നു. വിശദവിവരങ്ങൾ ഫാമിലി അപ്പസ്റ്റലേറ്റിൽനിന്നും നല്കിയിട്ടുണ്ട്.

3. അതിരൂപതയിലെ യൂത്ത് മിനിസ്ട്രിയും ചിൽഡ്രൻസ് മിനിസ്ട്രിയും വിശ്വാസ പരിശീലന കേന്ദ്രവും ചേർന്ന് മീഡിയാ കത്തോലിക്കായുടെ ആഭിമുഖ്യത്തിൽ വിവിധങ്ങളായ വിഷ്വൽ പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ട്. പിതാക്കന്മാരുടെ സന്ദേശങ്ങൾക്കു പുറമേ കുട്ടികളുടെ കഥ, പ്രസംഗം, പാട്ട്, സ്കിറ്റ് തുടങ്ങിയ മറ്റു വിവിധങ്ങളായ പരിപാടികളും മീഡിയാ കത്തോലിക്കാ വഴി പ്രക്ഷേപണം ചെയ്യുന്നു.

4. 2013 മുതൽ ഡിസംബർ 27ന് തൃശ്ശൂർ പട്ടണത്തിൽ നടന്നുവരുന്ന കാരുണ്യത്തിന്റെ ആഘോഷമാണല്ലോ ***ബോൺ നത്താലെ***. കോവിഡ് സാഹചര്യത്തിൽ ഈ വർഷം ബോൺ നത്താലെ ഘോഷയാത്ര സാധ്യമല്ല. എന്നാൽ കാരുണ്യ പ്രവൃത്തികൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ബോൺ നത്താലെ ഇടവകയുടെയും കുടുംബത്തിന്റെയും തലത്തിൽ ആഘോഷിക്കുവാൻ താല്പര്യപ്പെടുന്നു. കുടുംബതലത്തിലും മറ്റും ഫ്ളാഷ്മോബ് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച്



+91 487 2333325, 2333542 | curiatcr@gmail.com | www.trichurarchdiocese.org

സംഘടിപ്പിക്കുകയും പാവപ്പെട്ടവർക്കും രോഗികൾക്കും മറ്റും കേക്കും സമ്മാനങ്ങളും നല്കുന്നതും നല്ലതാണ്. ബോൺ നത്താലെ കമ്മിറ്റി വിവിധ സംഘടനകളും മീഡിയ കത്തോലിക്കയുമായി സഹകരിച്ച് വിവിധ ഓൺലൈൻ പരിപാടികൾ ആസൂത്രണം ചെയ്യുന്നു. സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാനപരിപാടികൾ താഴെ കൊടുക്കുന്നു.

- അതിരൂപത ഗായകസംഘവുമായി സഹകരിച്ചു ഇടവക തലത്തിൽ ഓൺലൈൻ കരോൾ ഗാന മത്സരം ( റെജിസ്ട്രേഷൻ ഫീസ് 300, ഫസ്റ്റ് - 10000, സെക്കന്റ് - 5000, തേർഡ് - 3000)

- 7 പേരിൽ കുറയാതെയുള്ള ഇടവക ടീമുകളെ ഉൾപ്പെടുത്തി ഓൺലൈൻ ക്രിസ്തുമസ് ഡാൻസ് മത്സരം (റെജിസ്ട്രേഷൻ ഫീസ് 300, ഫസ്റ്റ് - 10000, സെക്കന്റ് - 5000, തേർഡ് - 3000)

- അതിരൂപതയിലെ കുടുംബങ്ങൾക്കായ് ഫാമിലി കരോൾ മത്സരം

- തൃശ്ശൂർ നഗരത്തിൽ പ്രമുഖ സെൻററുകളിൽ കച്ചവടക്കാരെ സ്പോൺസർമാരായി കണ്ടെത്തി പുൽക്കൂടുകൾ/ഫ്ളോട്ടുകൾ നിർമ്മാണം.

- ഡിസംബർ 27-നു നടക്കുന്ന പൊതുപരിപാടിയിൽ കലാ-സാംസ്കാരിക-രാഷ്ട്രീയ പ്രവർത്തകരെ പങ്കെടുപ്പിക്കുകയും പാവപ്പെട്ടവരെ സഹായിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുന്നു.

- മീഡിയ കത്തോലിക്കാ യുട്യൂബ് ചാനലിൽ ബോൺ നത്താലെയുമായി ബന്ധപ്പെട്ട് വ്യത്യസ്ത പരിപാടികളുടെ സംപ്രേക്ഷണം.

- അതിരൂപത-ഇടവക തലത്തിൽ കോവിഡുമായി ബന്ധപ്പെട്ട് കോവിഡ് വ്യാപനം തടയുന്നതിനും രോഗികളെ ശുശ്രൂഷിക്കുന്നതിനും നേതൃത്വം കൊടുത്ത റവന്യൂ, മെഡിക്കൽ, പോലീസ് അധികാരികളെ ആദരിക്കൽ.

സ്നേഹമുള്ളവരെ, മാനവകുലത്തിന്റെ രക്ഷയ്ക്കായി മനുഷ്യനായി അവതരിച്ച യേശുവിന്റെ തിരുപ്പിറവി നമുക്ക് ദൈവാനുഗ്രഹത്തിന്റെ വലിയ അവസരമായി മാറട്ടെയെന്ന് ആശംസിക്കുന്നു. നമുടെ സമൂഹത്തിൽ പലവിധത്തിലുള്ള യാതന അനുഭവിക്കുന്നവർക്കുവേണ്ടി, പ്രത്യേകിച്ച്, കോവിഡ് രോഗംമൂലം ക്ലേശിക്കുന്നവർക്കുവേണ്ടി ഈ അവസരത്തിൽ പ്രാർത്ഥിക്കുവാൻ നിങ്ങളേവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. നിങ്ങൾക്കേവർക്കും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ദൈവാനുഗ്രഹത്തിന്റെയും ക്രിസ്തുമസ്സ് ആശംസിച്ചുകൊണ്ട്,

സ്നേഹപൂർവ്വം നിങ്ങളുടെ വത്സല പിതാവ്,

CURIA ARCHEPARCHY OF TRICHUR

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

N.B. ഈ സർക്കുലറിലെ ആശയങ്ങൾ ഇടവക ജനത്തെ അറിയിക്കേണ്ടതാണ്.




+91 487 2333325, 2333542 | curiatcr@gmail.com | www.trichurarchdiocese.org